കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നെടുംകണ്ടം ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും ലോണെടുക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.2672 /2018/ തസ്വഭവ തിരുവനന്തപുരം, തീയതി,17/10/2018.

---

പരാമർശം :1) 29.07.2009 ലെസർക്കാർഉത്തരവ്(എ.എസ്)നം.147/2009/ത.സ്വ.ഭ.വ

2) പഞ്ചായത്ത് ഡയറക്ടറുടെ 20.04.2018 ലെ എഫ്3-2318/17 നമ്പർ കത്ത്

<u>ഉത്തരവ്</u>

ഇടുക്കി ജില്ലയിലെ നെടുംകണ്ടം ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഉടുമ്പൻചോല താലൂക്ക്, കൽക്കുന്തൽ വില്ലേജിലെ തണ്ടപ്പേർ നം.16867, സർവേ നം. 156/513 ൽ 0.4047 ഹെക്ടർ വിസ്തീർണ്ണമുള്ള വസ്തു ജാമ്യമായി നൽകിക്കൊണ്ട് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 11% പലിശ നിരക്കിൽ 2 കോടി 20 ലക്ഷം രൂപ ലോണെടുക്കുന്നതിന് അനുമതി നൽകണമെന്ന നെടുംകണ്ടം ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ഇടുക്കി ജില്ലയിലെ നെടുകണ്ടം ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഉടുമ്പൻചോല താലൂക്ക്, കൽക്കുന്തൽ വില്ലേജിലെ തണ്ടപ്പേർ നം.16867, സർവേ നം. 156/513 ൽ 0.4047 ഹെക്ടർ വിസ്തീർണ്ണമുള്ള വസ്തു ജാമ്യമായി നൽകിക്കൊണ്ട് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 11% പലിശ നിരക്കിൽ 2 കോടി 20 ലക്ഷം രൂപ വായ്പ എടുക്കുന്നതിന്, പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കണമെന്ന വ്യവസ്ഥയോടെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (III) പ്രകാരം നെടുംകണ്ടം ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, നെടുംകണ്ടം ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് , തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ.എസ്) വകുപ്പ്, ഡിബി2/327/18
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ